**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3994** **27-10-2021 - ൽ മറുപടിയ്ക്ക്**

**നാദാപുരം മണ്ഡലത്തിൽ പുതിയ മാവേലിസ്റ്റോറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിലെ കായക്കൊടി, ചെക്യാട് എന്നീ ഗ്രാമപഞ്ചായത്തുകളിൽ പുതുതായി മാവേലിസ്റ്റോറുകൾ അനുവദിക്കാൻ സ്ഥലം എം.എൽ.എ. നൽകിയ കത്തിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | പ്രസ്തുത ഗ്രാമ പഞ്ചായത്തുകളിൽ നിലവിൽ സപ്ലൈകോ ഔട്ട് ലെറ്റുകൾ പ്രവർത്തിക്കുന്നതിനാൽ രണ്ടാമത്തെ മാവേലി സ്റ്റോർ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ലഭ്യമായ പ്രൊപ്പോസലുകൾ, നിബന്ധനകൾ അനുസരിച്ചുള്ള വാടക രഹിത കെട്ടിടം, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് വേണ്ടിയുള്ള ഒരു ലക്ഷം രൂപ എന്നിവ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് അതാത് പഞ്ചായത്ത് സെക്രട്ടറിമാർക്ക് കത്ത് നൽകിയിട്ടുണ്ട്. അത് പ്രകാരം ആവശ്യമായ കെട്ടിട സൗകര്യം പഞ്ചായത്ത് കണ്ടെത്തി നൽകുന്ന മുറയ്ക്ക് വിപണന സാധ്യതയും, ജീവനക്കാരുടെ ലഭ്യതയും കണക്കിലെടുത്ത് പ്രവർത്തന നഷ്ടം ഉണ്ടാവില്ല എന്നത് ഉറപ്പുവരുത്തിയുമാണ് പുതിയ സപ്ലൈകോ വിൽപ്പനശാലകൾ അനുവദിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | മേൽ പഞ്ചായത്തുകളിൽ മാവേലിസ്റ്റോർ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്താമോ? | (ബി) | പ്രസ്തുത ഗ്രാമ പഞ്ചായത്തുകളിൽ നിലവിൽ സപ്ലൈകോ ഔട്ട് ലെറ്റുകൾ പ്രവർത്തിക്കുന്നതിനാൽ രണ്ടാമത്തെ മാവേലി സ്റ്റോർ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ലഭ്യമായ പ്രൊപ്പോസലുകൾ, നിബന്ധനകൾ അനുസരിച്ചുള്ള വാടക രഹിത കെട്ടിടം, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് വേണ്ടിയുള്ള ഒരു ലക്ഷം രൂപ എന്നിവ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് അതാത് പഞ്ചായത്ത് സെക്രട്ടറിമാർക്ക് കത്ത് നൽകിയിട്ടുണ്ട്. അത് പ്രകാരം ആവശ്യമായ കെട്ടിട സൗകര്യം പഞ്ചായത്ത് കണ്ടെത്തി നൽകുന്ന മുറയ്ക്ക് വിപണന സാധ്യതയും, ജീവനക്കാരുടെ ലഭ്യതയും കണക്കിലെടുത്ത് പ്രവർത്തന നഷ്ടം ഉണ്ടാവില്ല എന്നത് ഉറപ്പുവരുത്തിയുമാണ് പുതിയ സപ്ലൈകോ വിൽപ്പനശാലകൾ അനുവദിക്കുന്നത്. അതിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ